www.malankaralibrary.com



2022-23

St. John Maria Viyanney Church
Panickankudy


സഹദൂസ (രക്തസാക്ഷിത്വം)
2022 - 2023
St. John Maria Viyanney Church
Panickankudy

www.malankaralibrary.com

# Editorial Board



Sr. Mariya SD



Josheena K Sajan



Doniyamol Tomy



Kiran Kurian



Christy Mariya Saji



Joyal Jose



Agnes Maria Biju



Dinu Vilson

www.malankaralibrary.com



# അവതാരിക

സഹ്ദൂസ എന്നപേരിൽ പണിക്കൻകുടി സൺഡേസ്കൂൾ കുട്ടികളും അദ്ധ്യാപകരും ചേർന്ന് ഒരുക്കിയ കൈയ്യെഴുത്തു മാസിക ഇടവക യിലെ കുഞ്ഞുങ്ങളുടെ വിശ്വാസ ജീവിതത്തിലേയ്ക്ക് പുതിയ ആവേ ശത്തിന്റെ അഗ്നി പകരുകയായിരുന്നു. ഒരു മാസക്കാലമായി എല്ലാ കുഞ്ഞുഹൃദയങ്ങളിലും അവരുടെ ഭാവനകളിലും വി. തോമശ്ലീഹാ യുടെ രക്തസാക്ഷിത്വം കനലായി ജ്വലിക്കുകയായിരുന്നു. ആ കനലു കൾ കവിതയായി, ഐക്കണായി, പെയിന്റിംഗുകൾ ആയി, വരച്ചിത്ര ങ്ങളായി, ചരിത്രവിവരണങ്ങളായി കലാരൂപങ്ങളായി ഈ കൈയ്യെ ഴുത്തു മാസികയിൽ അണിനിരന്നപ്പോൾ സഹ്ദൂസ ഒരു ചരിത്രഗ്രന്ഥ മായി മാറുകയാണ്. വായനക്കാർക്ക് തീർച്ചയായും ഈ കൈയ്യെ ഴുത്തു മാസിക മാർതോമ്മാശ്ലീഹായുടെ ഭാരതത്തിലെ സുവിശേഷ ജീവിതത്തിന്റെയും ധീരരക്തസാക്ഷിത്വത്തിന്റെയും അത് ഭാരതമണ്ണി ൽ വിതച്ച നവോത്ഥാന മുന്നേറ്റങ്ങളുടെയും നഖചിത്രമാവും എന്ന തിൽ സംശയമില്ല.



ഫാ. ടോമി ആനിക്കുഴിക്കാട്ടിൽ
വികാരി

www.malankaralibrary.com

# ആശംസ



ജീവിതത്തിൽ ദൈവം തന്ന കഴിവുകളെ ഉപയോഗിക്കുവാനുള്ള ഏറ്റവും നല്ല അവസരങ്ങളാണ് കൈയ്യെഴുത്ത് പ്രസിദ്ധീകരണങ്ങൾ. അതിൽ ദൃഢനിശ്ചയത്തോടെ, യാതൊരു മടിയും കാണിക്കാതെ തങ്ങളുടെ കഴിവുകളെ പൂർണ്ണമായി വിനിയോഗിച്ച പണിക്കൻകുടി ഇടവകയിലെ തിരുബാലസഖ്യം, മിഷൻലീഗ് അംഗങ്ങൾക്കും സൺഡേസ്കൂൾ അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ. നിങ്ങളുടെ പ്രയത്നം ഫലസമൃദ്ധമാകട്ടെ; ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

കൊച്ചച്ചൻ

ഫാ. ക്ലിന്റ് വെട്ടുകല്ലേൽ OFM CAP

www.malankaralibrary.com

# ആശംസ

ബിജു കെ.എസ്.



ചെറുപുഷ്പ മിഷൻ ലീഗ്
പണിക്കൻകുടി ശാഖ
പുറത്തിറക്കുന്ന കൈയ്യെഴുത്ത്
മാസികയ്ക്ക് എല്ലാവിധ
ആശംസകളും നേരുന്നു.
ഇതിന്റെ നിർമ്മാണത്തിനായി
പ്രയത്നിച്ച എല്ലാവരെയും
അഭിനന്ദിക്കുന്നു.
കുഞ്ഞുമിഷനറിമാർക്കെല്ലാം
ദൈവാനുഗ്രഹം ഉണ്ടാകട്ടെ
എന്ന് പ്രാർത്ഥിക്കുന്നു.

# പുണ്യതാതൻ

അലൻ സൈമി





ഭാരതമക്കൾക്കെന്നും
അഭിമാനപൂരിതനാം
മാർത്തോമാശ്ലീഹായെ നാം
നന്ദിയോടോർത്തീടുന്നു.
ക്രൈസ്തവജീവിതത്തിൽ
മാർഗ്ഗ ദർശിയാം താതാ
ക്രിസ്തുവിൻ പാതയിലായ്
എന്നും ചരിച്ചീടുന്നു.
ക്രിസ്തുവിൻ വചനങ്ങൾ
മാനവർക്കെന്നുമേകി
സത്യത്തിൻ പാതയിലും,
സേവന ചിന്തയിലും,
സഹനത്തെ തൊട്ടുണർത്തി
സ്നേഹത്തെ തഴുകിയെന്നും
ലോകത്തിൻ മുമ്പിലായ്
പീഡനമേറ്റുവാങ്ങി
യേശുവിൻ സാക്ഷിയായി
മൃത്യുവും കൈവരിച്ചു.

www.malankaralibrary.com





# വിശുദ്ധ തോമാശ്ലീഹാ

■ സി. ജോസ്ലിൻ എസ്.ഡി.

ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പ സ്തോലന്മാരിൽ ഒരാളാണ് വി. തോമാശ്ലീഹ എ.ഡി. 52-ൽ കരയും കടലും താണ്ടി വി. ശ്ലീഹാ നവംബർ 21-ന് കേരളത്തിലെ കൊടുങ്ങല്ലൂരിൽ എത്തി. 20 വർഷ ക്കാലം പ്രേഷിത പ്രവർത്തനം ഭാരതത്തിൽ നടത്തി. മാർത്തോമാശ്ലീഹായുടെ രണ്ട് പ്രേഷിത പ്രവർത്തന ഇടങ്ങ ളാണ് മലയാറ്റൂരും മൈലാപ്പൂരും. മൈലാപ്പൂരിൽ സ്വർണ്ണ നിറമുള്ള കുരിശടയാളം പാറമേൽ കാണുകയും അവിടെ കുത്തി നോക്കിയപ്പോൾ ഉടനം രക്തം ഒഴുകിയെന്നും ശ്ലീഹാ തന്റെ ദണ്ഡുകൊണ്ട് പാറയിൽ അടിച്ച സ്ഥലത്ത് അത്ഭുത ഉറവ പുറപ്പെട്ടു. തമിഴ്നാട്ടിലെ ചെന്നൈയിൽ സ്ഥിതിചെയ്യുന്ന വി. തോമാശ്ലീഹായുടെ നാമധേയത്തി ലുള്ള ബസിലിക്കയാണ് മൈലാപ്പൂർ സാന്തോം ബസിലി ക്കാ. വിശുദ്ധന്റെ കല്ലറയ്ക്ക് മുകളിലായാണ് ഈ ദൈവാ ലയം പണിതുയർത്തിയിരിക്കുന്നത്.

www.malankaralibrary.com





അലീന
തട്ടാംപറമ്പിൽ

www.malankaralibrary.com



# ഭാരത അപ്പസ്തോലൻ

■ അലീന ബിജു

ഇന്ത്യയിലെ ക്രൈസ്തവ സഭയുടെ സ്ഥാപകനും യേശുവിന്റെ ശിഷ്യന്മാരിൽ ഒരാളുമായിരുന്നു വി. തോമാശ്ലീഹാ. അകമഴിഞ്ഞ ഭക്തിയുടെയും ഗുരുസ്നേഹത്തിന്റെയും പ്രതീകമായിരുന്നു. ഒന്നാം നൂറ്റാണ്ടിൽ ഇദ്ദേഹം കേരളത്തിലെത്തിയെന്നും സുറിയാനി സഭ രൂപീകരിക്കുകയും ചെയ്തു എന്നുമാണ് വിശ്വാസം.

എ.ഡി. 50-ൽ കൊടുങ്ങല്ലൂരിൽ മാർത്തോമ എത്തി. പറവൂർ, നിലയ്ക്കൽ, കൊല്ലം, കോക്കമംഗലം, പാലയൂർ, മലയാറ്റൂർ എന്നിവിടങ്ങളിലെ പള്ളികൾ ഇദ്ദേഹം സ്ഥാപിച്ചതായി വിശ്വസിക്കുന്നു. ഇവ ഏഴരപ്പള്ളികൾ എന്ന് അറിയപ്പെടുന്നു. മൈലാപ്പൂരിൽ പ്രാർത്ഥനയിലായിരുന്ന തോമാശ്ലീഹായെ ശത്രുക്കൾ കുന്തംകൊണ്ട് കുത്തി. മാരകമായ മുറിവേറ്റ ഇദ്ദേഹം രക്തസാക്ഷിത്വം വരിച്ചു. എ.ഡി. 72-ലെ ജൂലൈ 3-ന് എന്ന് വിശ്വസിക്കുന്നു.

1972-ൽ അദ്ദേഹത്തിന്റെ 19-ാം ചരമശതാബ്ദി ആചരിച്ച വേളയിൽ പോൾ 6-ാമൻ മാർപ്പാപ്പ അദ്ദേഹത്തെ ഭാരതപ്പസ്തോലൻ എന്നു പ്രഖ്യാപിച്ചു.



www.malankaralibrary.com



# ഏഴരപ്പള്ളികൾ

■ സി. ജിസ്മിത എസ്.ഡി.

തോമാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതായി വിശ്വസിക്കപ്പെടുന്ന ദേവാലയങ്ങളാണ് ഏഴരപ്പള്ളികൾ. കൊടുങ്ങല്ലൂർ പള്ളി: എ.ഡി. 52-ൽ തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, അഴീക്കോട് സ്ഥിതിചെയ്യുന്ന മാർത്തോമ്മാ പള്ളി ഇന്ത്യയിൽ പണികഴിപ്പിച്ച ആദ്യ ആരാധനാലയമാണ്.



**പാലയൂർ പള്ളി :** തൃശൂർ ജില്ലയിൽ ചാവക്കാടിനടുത്ത് പാലയൂരിൽ സ്ഥിതിചെയ്യുന്ന പാലയൂർ പള്ളി 108 ശിവാലയങ്ങളിൽ പറയുന്ന പാലയൂർ മഹാദേവക്ഷേത്രം നിന്നിരുന്നിടത്താണ് പള്ളി നിർമ്മിച്ചത്.

**കോക്കമംഗലം പള്ളി:** ആലപ്പുഴ ജില്ലയിൽ ചേർത്തലയ്ക്ക് അടുത്ത് കോക്കമംഗലത്ത് സ്ഥിതിചെയ്യുന്ന കോക്കമംഗലം പള്ളി അജ്ഞതയുടെ മണ്ണിൽ ഒരു ക്രിസ്തീയ സമൂഹത്തെ വാർത്തെടുത്തതിനു പിന്നിൽ പ്രധാന പങ്കുവഹിച്ചതായി ചരിത്രം പറയുന്നു.

**കോട്ടക്കാവ് പള്ളി:** എറണാകുളം ജില്ലയിൽ വടക്കൻ പറവൂർ ദേശീയ പാത 17-ന് അരുകിലായി പെരിയാറിന്റെ തീരത്താണ് ഈ പള്ളി സ്ഥിതിചെയ്യുന്നത്.

നിരണം പള്ളി: പത്തനംതിട്ട ജില്ലയിൽ തിരുവല്ലയിൽ നിരണം പ്രദേശത്ത് സ്ഥിതിചെയ്യുന്ന നിരണം പള്ളി ഇപ്പോൾ തിരുവിതാംകൂർ പ്രദേശത്തുള്ള പല പള്ളികളുടെയും തലപ്പള്ളിയാണ്. ഹൈന്ദവക്ഷേത്രങ്ങളുടേതുപോലെ കരിങ്കൽ വിളക്കുകളും കൊത്തുപണികളുമാണ് പള്ളിയെ മറ്റുള്ളവയിൽ നിന്ന് വ്യത്യസ്ഥമാക്കുന്നത്.

**നിലയ്ക്കൽ പള്ളി:** പത്തനംതിട്ട ജില്ലയിൽ നിലയ്ക്കൽ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഈ പള്ളി ലോകത്തിലെ തന്നെ ആദ്യത്തെ എക്യുമിനിക്കൽ ദേവാലയമാണ്.

**തേവലക്കര പള്ളി:** കൊല്ലത്തിനടുത്തുള്ള പ്രധാന ദേവാലയങ്ങളിൽ ഒന്നാണ് തേവലക്കരയിലെ മാർത്ത മറിയം ഓർത്തഡോക്സ് സിറിയൻ ചർച്ച്.

**തിരുവിതാംകോട്ട് പള്ളി :** തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽ തിരുവിതാംകോട്ട് സ്ഥിതിചെയ്യുന്ന സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളി അരപ്പള്ളി എന്ന് അറിയപ്പെടുന്നു.

www.malankaralibrary.com



അൻസു മരിയ ജോസ്




www.malankaralibrary.com

# ക്രിസ്ത്യാനികളുടെ സ്വാധീനം

■ ജെസ്മി ബെന്നി.



കേരളത്തിലെ മൊത്തം ക്രൈസ്തവരുടെ 80% വരുന്നവരാണ് മാർതോമാ ക്രിസ്ത്യാനികൾ. യൂറോപ്യരുടെ വരവ് വരെ കേരളത്തിലെ വ്യാപാര മേഖലയിൽ പ്രകടമായ സ്വാധീനം ചെലുത്തിയിരുന്ന ഇവരിലെ പ്രമാണിമാർക്ക് രാജാക്കന്മാരിൽ നിന്ന് പല പ്രത്യേക അവകാശങ്ങളും അധികാരങ്ങളും ലഭിച്ചിരുന്നു. പതിനേഴാം നൂറ്റാണ്ട് വരെ ഓരേ വിശ്വാസവും ഒരേ സഭയുമായി കഴിഞ്ഞിരുന്ന മാർതോമാ നസ്രാണികൾ ഇപ്പോൾ ഒൻപത് വ്യത്യസ്ത സഭകളിലായി ചിതറിക്കിടക്കുന്നു. തെക്കൻ-മധ്യ കേരളത്തിൽ ഗണ്യമായ ജനസംഖ്യ മാർതോമാ ക്രിസ്ത്യാനി വിഭാഗത്തിനുണ്ട്.



rawpixel

# Sleeva and Menorah

Alfred Kuriakose







The nasrani menorah, St. Thomas cross and Mar Thoma Sleeva are representations of the history and traditionist of Indian Christians. The Eastern Churches in India and Persia found their theological foundation in the resurrection of Jesus Christ, the Western Chirches in the Roman Empire forced on the oucifixion of Jesus Christ for their own historical reason this unity in diversity of theological learning was the beauty of early Christianity. "It Christ has not been raised, then our teaching is in vain." (1 Corith: 15: 14) was the base f Eastern Churches.

Christianity is a "saved" constitution of Judaism, and the cross might be seen as the Jewish Menorah's successor. In terms of architectures and theology, theology the Nasrani Menorah and corss at least to the historicity of both early and Irradiate christianity and its apostolic continuance in India. Ancient Christian population in places like Sri Lanka, China, Persia, Armenia, etc. can still be found wearing crosses that resemble St. Thomas Cross.
The importance of St. Thomas Cross was recognizes by the Western Churches after the miraculous flow of blood from the St. Thomas Cross of Mylapore - the Holy site of Martyrdom of St. Thomas.

www.malankaralibrary.com

# വഞ്ചിപ്പാട്ട്

ഹിമ ബിജു



ഓ തിത്തിത്താരത്തിത്തെയ് തിത്തെയി തകതെയ്തെയ്തോ
പായിപ്പാട്ടിൻ ഓളങ്ങളിൽ വിശ്വാസത്തിൻ സാക്ഷ്യവുമായി
സെന്റ് തോമസിൻ ചുണ്ടനിതാ കുതിച്ചീടുന്നു.
ഭാരതപ്രേക്ഷിതൻ മാർത്തോമായാൽ സ്നാനപ്പെട്ടൊരു
കേരളയഭയിൽ നിൻ തിരുഭക്തർ ആണ്ടുമുൻപേ സ്താപിതമീപ്പള്ളി
മാർത്തോമായാൽ നൽകപ്പെട്ട വിശ്വാസത്തിൻ കൈത്തിരി
യേന്തിയ പൂർവ്വ പിതാക്കന്മാരെ ഞങ്ങൾ സ്മരിച്ചീടുന്നു.
വിശുദ്ധമാം ഇടവക വിശുദ്ധമാം കുടുംബങ്ങൾ
വിശുദ്ധരാം വ്യക്തികൾക്കായി ഈ ആഘോഷങ്ങൾ

www.malankaralibrary.com





കുഞ്ഞുമോൾ
വർക്കി

www.malankaralibrary.com

# ശ്ലീവാ



■ അലൻ സിജു കൊല്ലംപറമ്പിൽ



മാർതോമാ നസ്രാണികളുടെ പാരമ്പര്യത്തിന്റെ ഭാഗമാണു മാർതോമാ ശ്ലീവാ അഥവാ മാർത്തോമ കുരിശ്. മാർതോമാ നസ്രാണികളുടെ തനതു ദൈവശാസ്ത്രം വിളംബരം ചെയ്യുന്ന രീതിയിലാണ് ഈ കുരിശിന്റെ രൂപകല്പന. ശുന്യമായ കുരിശ് – അതായത് ക്രൂശിതന്റെ രൂപമല്ല – ഉത്ഥിതനായ മിശിഹായെ ഉയിർപ്പിച്ച റൂഹാദ്ക്കുദ്ശായുടെ പ്രതീകം. വിരിയുന്ന മുകുളം പോലെയുള്ള ശ്ലീവായുടെ അഗ്രങ്ങൾ കർത്താവിന്റെ ഉയിർപ്പിന്റെ ഫലമായ പുതുജീവനും പ്രത്യാശയും സൂചിപ്പിക്കുന്നു.

കുരിശിലെ മൂന്ന് പടികൾ മിശിഹായുടെ പീഢാനുഭവത്തെയും മരണത്തെയും അനുസ്മരിപ്പിക്കുന്ന ഗാഗുൽത്തായുടെ പ്രതീകം. ശ്ലീവാ സ്ഥിതിചെയ്യുന്ന താമരപ്പൂവിന്റെ പശ്ചാത്തലം ഭാരതത്തിന്റെ സാംസ്കാരിക മണ്ഡലത്തിന്റെ സൂചന നൽകുന്നു.



# റമ്പാൻ പാട്ട് – ഒരാമുഖം

■ ബിനോയി കെ.എം.

റമ്പാൻപാട്ട് ഇന്നത്തെ രൂപത്തിൽ എഴുതിയത് 1601-ൽ നിരണത്ത് മാളിയേക്കൽ തോമാ റമ്പാൻ 48-ാമനാണ്. ഭാരതത്തിന്റെ ശ്ലീഹായായ മഞ്ഞിൽ നിന്നും കേട്ട വൃത്താന്തം പരമ്പരയായ് കൈമാറിപ്പോന്നു. 2—ാം നൂറ്റാണ്ടിൽ ഉണ്ടായ മതപീഢനകാലത്ത് ഈ വൃത്താന്തം ആദ്യമായി ലിഖിതരൂപം പൂണ്ടു. ഇവ എഴുതിയത് മാളിയേക്കൽ തോമാ 2-ാമനാണ്. ക്രിസ്തുവർഷം 180-നും 250-നും ഇടയ്ക്ക് തുർക്കിയിലെ എദേസായിൽ വച്ച് സുറിയാനിയിൽ എഴുതിയതാണ് ദക്ഷിണേന്ത്യയിൽ നിന്ന് വന്ന മാർത്തോമാ കഥകളും, പാർത്തിയ, വടക്കുപടിഞ്ഞാറൻ ഇന്ത്യ എന്നിവിടങ്ങളിൽ നിന്നുള്ള മാർത്തോമാ കഥകളും കൂട്ടിച്ചേർത്താണ് ഇതിൽ എഴുതിയിട്ടുള്ളത്. കലർപ്പില്ലാത്ത ദക്ഷിണേന്ത്യൻ കഥകളാണ് റമ്പാൻ പാട്ടിലുള്ളത്. മാർത്തോമ്മാ മാർഗ്ഗം മിശിഹാ മാർഗ്ഗത്തിന്റെ ഇന്ത്യൻ പതിപ്പാണെന്ന ശ്ലൈഹീക പാരമ്പര്യം റമ്പാൻപാട്ട് പഠിപ്പിക്കുന്നു.

# റമ്പാൻ പാട്ട്

ആഗ്നസ് മരിയാ ബിജു



തെയ് തെയ് തെയ് തെയ് തക
തെയ് തെയ് തെയ് തെയ് തക
തെയ് തകതക തെയ്തെയ്തെയ്തെയ്തെയ്
തെയ്തകതക തിമൃതത്തെയ്തക തെയ് തെയ്
തെയ് തോം

സാക്ഷാൽ ദൈവം മൂവ്വൊരുവൻ താൻ
മാർത്തോമായുടെ സുകൃതത്താൽ
സൂക്ഷ്മതായി ചരിത്രം പാടുവ-
തിന്നടിയനു തുണയരുളേണമെ
അരുൾ മാർഗ്ഗത്തിൽ ഗുരുവരനാകിന
മമനാമകനാം മാർത്തോമ്മാ
പെരുമാൾ ചോഴന്റായുള്ളൊ
രാവാനോടു സഹിതം കൂടി
അറബിയായിൽ കപ്പൽ കയറി
മാല്യാങ്കര വന്നെത്തിയിത

അറിവിൻ പറവെൻ മിശിഹാക്കാലം
അൻപതുധനുവം രാശിയതിൽ
അതിശയകൃതിയാലഷ്ടദനം കൊ-
ണ്ടവിടെ മാർഗ്ഗം സ്ഥാപിച്ചു
അതിനുശേഷം ദ്രുതഗതികൊണ്ടു
ഉടനെ മൈലാപ്പൂരെത്തി.
തെയ് തെയ്തക തെയതകതകത തെയ്
തെയ് തക തോം.
തെയ് തെയ് തെയ് തിമൃതതകതക
തെയ് തെയ് തെയ് തോം

www.malankaralibrary.com



# അവിടുത്തെ തിരുവടികൾ തേടി...



കുഞ്ഞുമോൾ വർക്കി

www.malankaralibrary.com



# ഊർജ്ജസ്വലനായ ശിഷ്യൻ



അലോണ തോമസ്

പന്ത്രണ്ട് അപ്പസ്തലന്മാരിൽ ഒരാളാണ് തോമാശ്ലീഹ. യേശുവിന്റെ ഊർജ്ജസ്വലനായ ശിഷ്യൻ എന്നാണ് തോമാശ്ലീഹാ അറിയപ്പെടുന്നത്. തോമസ് അപ്പസ്തോലനെക്കുറിച്ച് പരിമിതമായി മാത്രമേ ബൈബിളിൽ പരാമർശമുള്ളൂ. ക്രിസ്തുവർഷം 52-ൽ ക്രിസ്തുമാർഗ്ഗ പ്രചാരണത്തിനായി തോമാശ്ലീഹാ കേരളത്തിലെത്തി. മലബാറിലെ മുസ്സിരസ്സിലാണ് (കൊടുങ്ങല്ലൂർ) അദ്ദേഹം കപ്പലിറങ്ങിയത്. തെക്കെ ഇന്ത്യയിൽ സ്ഥിതിചെയ്യുന്ന മലബാർ ഇന്നത്തെ കേരളത്തെക്കാൾ വലുതും കേരളത്തിന്റെ വടക്കുഭാഗത്ത് ഇന്ന് മലബാർ എന്ന് വിശേഷിപ്പിക്കുന്ന ഭൂവിഭാഗത്തേക്കാൾ വ്യത്യസ്തവുമായിരുന്നു. ക്രിസ്തുവിന് മുൻപ് പോലും മധ്യപൂർവ്വം രാജ്യങ്ങളുമായി വാണിജ്യബന്ധം സ്ഥാപിച്ചതിൽ ഖ്യാതിനേടിയിരുന്നു. മലബാറിന്റെ തീരപ്രദേശങ്ങളിൽ ധാരാളം യഹൂദ കോളനികളുണ്ടായിരുന്നു. ഇസ്ലാം മതത്തിന്റെ ആവിർഭാവത്തിന് മുമ്പുവരെ ഇവരുടെ വാണിജ്യഭാഷ അറമായ ആയിരുന്നു.

www.malankaralibrary.com

# ദൈവത്തിന്റെ മുന്നൊരുക്കങ്ങൾ



ബോബൻ മൂഴിക്കുഴി

നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുവിൻ എന്ന യേശുനാഥന്റെ കല്പന ശിഷ്യസമൂഹം ഏറ്റെടുത്തതിന്റെ ഫലദായകമായ പ്രവർത്തനമാണ് ലോകമെങ്ങും പടർന്ന് പന്തലിച്ച ക്രിസ്തീയ വിശ്വാസം. തെക്കെ മെസപ്പൊട്ടാമയിൽ നിന്ന് ഇല്ലങ്ങളിലും 72 കുടുംബങ്ങളിലും പെട്ട വലിയ ഒരു സമൂഹം ക്നാനായി തൊമ്മന്റെ നേതൃത്വത്തിൽ വന്ന് കൊടുങ്ങല്ലൂരിൽ താമസമാക്കിയത് കേരള നവോത്ഥാന ചരിത്രത്തിലെ നിർണ്ണായകമായ സംഭവമാണ്.

വ്യവഹാരങ്ങൾക്കായും കേരളത്തിലേയ്ക്ക് കടന്നുവന്ന വിദേശികൾ നമുക്ക് ക്രിസ്തീയവിശ്വാസം പകർന്ന് നൽകാൻ വളരെ സഹായിച്ചിട്ടുണ്ട്. അതുപോലെ വിദേശ മിഷനറിമാർ തീരപ്രദേശങ്ങളിൽ നടത്തിയ സുവിശേഷ പ്രഘോഷണം ശക്തമായ വിശ്വാസ സമൂഹങ്ങൾക്ക് രൂപംകൊടുത്തു എന്നതിന് ചരിത്രം സാക്ഷിയാണ്. കേരളത്തിൽ നിലനിന്നിരുന്ന പല അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും ഒരുപരിധിവരെ കടിഞ്ഞാണിടാൻ ക്രിസ്തീയ വിശ്വാസത്തിന്റെ കടന്നുവരവ് കാരണമാക്കിയിട്ടുണ്ട്. ഈ കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്നത് അടിയുറച്ച വിശ്വാസത്തിലൂന്നിയ ക്രിസ്തീയ സാക്ഷ്യമാണ്.



www.malankaralibrary.com

അൻസു മരിയ ജോസ്



അമലു കെ. സന്തോഷ്



www.malankaralibrary.com



# മൈലാപ്പൂരിലെ രക്തസാക്ഷിത്വം

ആന്റണി മുനിയറ



ഹൃദയത്തിൽ ഊർജ്ജം നിറച്ചിടാൻ
അയയ്ക്കപ്പെട്ടവനാണീ
ഭാരത അപ്പസ്തോലൻ തോമാശ്ലീഹാ
വിശ്വാസവഴികളിൽ ദീപ്തിപരത്തുവാൻ
ജീവന്റെ വചനം പ്രഘോഷിച്ചു നീ
രണ്ടുപതിറ്റാണ്ടു നീണ്ടൊരി
ഭാരതപ്രഷിതവേലയിൽ മുഴുകിയ
വിശുദ്ധ തോമായാണീ ഭാരതസമാധാന ദൂതൻ
ഏതു കനൽച്ചൂടിലും കനിവിന്റെ
നിലവറ തുറന്നൊരീ തോമാ
വിട പറയുന്ന നിമിഷവും
സ്നേഹദീപ്തി പരത്തി നീ
മൈലാപ്പൂരിൽ ചിന്തിയ രക്തനിലത്തിലായ്
വിശ്വാസ ദീപങ്ങളെരിയുന്നു
ക്രൈസ്തവചൈതന്യമഹത്വം പ്രഘോഷിക്കാൻ
പിൻമുറക്കാർക്കെല്ലാം
അടയാളവാക്യമാണീ സുകൃതതാരം

www.malankaralibrary.com

# വഞ്ചിപ്പാട്ട്

ട്രീസ ബെന്നി





ഓ തിത്തിത്താര തിത്തിത്തൈ...
തിത്തൈയ് തക തെയ് തെയ് തോം
ഭാരതമണ്ണിൽ വിശ്വാസദീപം തെളിയിച്ച... മാർത്തോമ്മാ
പാരിടത്തിൽ ഞങ്ങളിതാ വണങ്ങിടുന്നു... ഓ തിത്തി
യേശുവിന്റെ പ്രിയശിഷ്യൻ ദിദിമോസ് എന്ന ശ്ലീഹാ
ഞങ്ങളിതാ വണങ്ങിടുന്നു... നിന്റെ തൃപ്പാദം.... ഓ...
ഉത്ഥിതനെ അന്നു ശ്ലീഹാ കണ്ടതേയില്ല.... ഓ....
നാഥൻ വന്ന വർത്തമാനം ശിഷ്യന്മാരോ ചൊല്ലിടുമ്പോൾ
വിശ്വസിക്കാൻ ശ്ലീഹാ അപ്പോൾ മടിച്ചുനിന്നു... ഓ...
ആണി പഴുതുതൻ ദൃഷ്ടി കാണുകയും തൻ വിരലാൽ
എട്ടാം നാളിൽ നാഥൻ വന്നു, ശിഷ്യർ മധ്യേ നിന്നീടുന്നു....
വാത്സല്യത്താൽ നാഥൻ ശ്ലീഹേ വിളിച്ചീടുന്നു.... ഓ....
എന്നരികിൽ വന്നീടുക നിന്റെ കണ്ണാൽ കാണുക നീ
മുറിവേറ്റെൻ കരങ്ങളും തിരുപാർശ്വവും.... ഓ....
അവിശ്വാസിയാകാതെ നീ വിശ്വാസിയായ് തീർന്നീടുക
കാണാതെ വിശ്വസിക്കുന്നോർ ഭാഗ്യവാനല്ലോ.... ഓ....
വിറയാർന്ന സ്വരത്താലേ തോമാശ്ലീഹാ മൊഴിയുന്നു
എന്റെ കർത്താവും എന്റെ ദൈവവും നീയേ....
നാഥനായ് മരിച്ചിടുവാൻ ശ്ലീഹാ നേടി ധൈര്യമപ്പോൾ

www.malankaralibrary.com



അനുപ്രിയ



www.malankaralibrary.com

# മാർഗ്ഗം കളി പേരിനു പിന്നിൽ





ബിനോയി കെ.എം.

മാർഗ്ഗം എന്നത് പാലി ഭാഷയിലെ മഗ്ഗ എന്നതിൽ നിന്നു തദ്ഭവിച്ചതാണ്. ബുദ്ധമത പരിവർത്തനം ചെയ്യുന്നതിനെ മാർഗ്ഗം കൂടുക എന്ന് പറഞ്ഞിരുന്നു. ക്രൈസ്തവരും മതപരിവർത്തനം ചെയ്താൽ മാർഗ്ഗം കൂടുക എന്നായിരുന്നു പുരാതനകാലത്ത് പറഞ്ഞിരുന്നത്. പിന്നീട് ഇത് ഏത് മതം ചേരുന്നതിനെയും സൂചിപ്പിക്കുന്നു.

## പരിചമുട്ടുകളി

കേരളത്തിലെ വിവിധ ഭാഗങ്ങളിൽ പ്രചാരത്തിലുള്ള ഒരു ആയോധന കലയാണ് പരിചമുട്ടുകളി. പത്തോ പന്ത്രണ്ടോ പുരുഷന്മാരടങ്ങുന്ന സംഘമാണ് അവതരിപ്പിക്കുന്നത് വാളും പരിചയും കൈയ്യിലേന്തി ആശാൻ ചൊല്ലുന്ന പാട്ടിന്റെ ഈണത്തിൽ കളരിച്ചുവട് വച്ച് നൃത്തം ചെയ്താണ് ഈ കളി അവതരിപ്പിക്കുന്നത്. കേരളത്തിലെ നസ്രാണികൾക്കിടയിൽ 16-ാം നൂറ്റാണ്ടിലാണ് ഇത് ഉടലെടുത്തത്. മാർഗ്ഗംകളിയോട് പരിചമുട്ട് കളിക്ക് സാദൃശ്യം ഉണ്ട്. മാർഗ്ഗം കളി മന്ദതാളത്തിൽ ആണെങ്കിൽ പരിചമുട്ടുകളി ദ്രുത താളത്തിലാണ്. ക്നാനായക്കാരാണ് പരിചമുട്ടുകളി ചിട്ടപ്പെടുത്തിയതെന്ന് വിശ്വസിക്കുന്നു.



www.malankaralibrary.com





അലീന തട്ടാംപറമ്പിൽ

www.malankaralibrary.com

# സുറിയാനി ഭാഷ ഒരാമുഖം

■ പ്രിൻസ് ജോസഫ്



എ.ഡി. ഒന്നാം നൂറ്റാണ്ടിൽ എഡിസ നഗരം കേന്ദ്രീകരിച്ച് ഒസ്റോയിനിലെ പുരാതന പ്രദേശത്ത് സംസാരിച്ചിരുന്ന ഒരു പ്രാദേശിക അരമായ ഭാഷയിൽ നിന്ന് ഉയർന്നുവന്ന ഒരു അരമായ ഭാഷാഭേദമാണ് സുറിയാനി. പുരാതന ക്രിസ്ത്യൻ കാലഘട്ടത്തിൽ, സിറിയയിലും അതിനടുത്ത പ്രദേശത്തുടനീളവും അരമായ ഭാഷ സംസാരിക്കുന്ന വിവിധ ക്രിസ്ത്യൻ വിഭാഗങ്ങളുടെ പ്രധാന സാഹിത്യഭാഷയായി സുറിയാനി മാറി. സുറിയാനി ക്രിസ്ത്യാനികളുടെ ഒരു ആരാധനാ ഭാഷ എന്ന നിലയിൽ, കിഴക്കൻ ക്രിസ്ത്യൻ സമൂഹങ്ങൾക്കിടയിൽ ഇത് പ്രമുഖസ്ഥാനം നേടി.

മധ്യകാലഘട്ടത്തിന്റെ അവസാനത്തോടെ സുറിയാനി ക്രമേണ ആരാധനാക്രമത്തിന്റെ ഉപയോഗത്തിലേയ്ക്ക് ചുരുങ്ങി. കാരണം പ്രാദേശികമായി മാതൃഭാഷയുടെ ഉപയോഗവും പ്രസക്തിയും നാൾക്കുനാൾ വർദ്ധിച്ചുവന്നു. എന്നിരുന്നാലും സുറിയാനി ക്രിസ്ത്യാനികളുടെ പവിത്രഭാഷയായി ഇന്നും ഈ ഭാഷ നിലനിൽക്കുന്നു.



www.malankaralibrary.com



# ബൈബിളിലെ സെന്റ് തോമസ്

■ ജോഷീന

ആ പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പേരുകൾ : ഒന്നാമൻ പത്രോസ് എന്ന് വിളിക്കപ്പെടുന്ന ശിമയോൻ, അവന്റെ സഹോദരൻ അന്ത്രയോസ്, സെബദിയുടെ പുത്രനായ യാക്കോബ്, അവന്റെ സഹോദരൻ യോഹന്നാൻ, പീലിപ്പോസ്, ബർത്തലോമിയോ,, തോമസ്, ചുങ്കക്കാരൻ മത്തായി, ഹൽചെയുടെ പുത്രൻ യാക്കോബ്, തദേവൂസ്....

മത്തായി 10: 2-3



അന്ത്രയോസ്, പീലിപ്പോസ്, ബർത്തലോമിയ, മത്തായി, തോമസ്, ഹൽചെയുടെ പുത്രൻ യാക്കോബ്, തദേവൂസ്, കാനാൻകാരനായ ശിമയോൻ,...

-മർക്കോസ് 3: 8

മത്തായി, തോമസ്, ഹൽപൈയുടെ പുത്രനായ യാക്കോബ്, തീവ്രവാദിയായി അറിയപ്പെടുന്ന ശിമയോൻ

-ലൂക്കാ 6: 15

ദീദിമോസ് എന്ന തോമസ് അപ്പോൾ മറ്റു ശിഷ്യന്മാരോടു പറഞ്ഞു; അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം.

-യോഹന്നാൻ 11: 16

തോമസ് പറഞ്ഞു: കർത്താവേ, നീ എവിടേയ്ക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി എങ്ങനെ ഞങ്ങൾ അറിയും?

-യോഹന്നാൻ 14: 5

www.malankaralibrary.com






ലൂയി സിബി

www.malankaralibrary.com

# ഉത്ഥിതന്റെ ദർശനം

■ സാവിയോ ബെന്നി



ഓർക്കുവാനേറെയുണ്ടീ ദുക്റാന തിരുനാളിൽ
മാർതോമൻ പകർന്നതാം വിശ്വാസചിത്രങ്ങൾ
വാസമാക്കിടുമെന്റെ വിശ്വാസത്തിൻ നാഥാ
യാചിച്ചീടുന്നു നിന്റെ മാദ്ധ്യസ്ഥം ഇന്നീ നാളിൽ
പന്ത്രണ്ടു ശ്ലീഹന്മാരിൽ ദിദിമോസ് എന്ന തോമാ
യേശുവിൻ പ്രിയശിഷ്യനായിരുന്നാ കാലത്തിൽ
ലാസറോ മരിച്ചെന്ന് കേട്ടപ്പോൾ നാഥൻ ചൊല്ലീ
ഈ മരണം ദൈവമഹത്വത്തെ വർണ്ണിച്ചീടാൻ....
ഉത്ഥിതൻ നാഥൻ യേശു ശിഷ്യർക്ക് പ്രത്യക്ഷനായ്
യേശുവെ കണ്ടകാര്യം ശിഷ്യന്മാർ മൊഴിഞ്ഞല്ലോ
ശിഷ്യൻതൻ മൊഴി തോമാ സംശയിച്ചുടൻ ചൊല്ലി
ആണിതൻ പഴുതുകൾ കാണണം തൃക്കൈകളിൽ
വിരലാൽ മുറിവതിൽ ഇടണം വിശ്വസിക്കാൻ
നാഥന്റെ പാർശ്വത്തിങ്കൽ എൻ കൈകൾ വച്ചീടണം.
വിശ്വസിക്കയില്ല അങ്ങനെ ചെയ്തിലെങ്കിൽ
സംശയിച്ചവൻ നീങ്ങി ഏഴുനാൾ മുഴുവനും
സ്നേഹ ശാഠ്യത്താൽ തോമാ ദർശനം കാത്തിരുന്നു
ശിഷ്യരൊപ്പം വന്ന് തോമായും വസിച്ചനാൾ
നാഥൻ വന്ന് ദർശനം ഏകിയല്ലോ ഏവർക്കും
നിങ്ങൾക്ക് സമാധാനം എന്നോതീ നാഥൻ
പിന്നെ തൻ പ്രിയശിഷ്യൻ തോമായെ നോക്കിച്ചൊല്ലീ
കാണുകെൻ കൈകൾ തോമാ കൈവിരൽ കൊണ്ട് വന്ന്
വക്കുക കൈകൾ നീട്ടി എന്നുടെ പാർശ്വത്തിങ്കൽ
അവിശ്വാസിയാകാതെ വിശ്വാസിയായയീടുക...
തോമാ ഉത്തരം നൽകി എൻ കർത്താവേ.... എൻ ദൈവമേ....
അവ്വിധം - ഉത്ഥിതൻ ദർശനം വീണ്ടും നൽകി
അതിനുൾ ചേരാൻ തോമാ ഇടവും നൽകിയല്ലോ.



www.malankaralibrary.com



# മലയാറ്റൂർ കുരിശുമുടി

■ അലീന ബിജു

മാർതോമാ ശ്ലീഹായുടെ പ്രാർത്ഥനയുടെ ഇടമാണ് കുരിശുമുടി. പ്രാർത്ഥനാ മദ്ധ്യേ ശ്ലീഹാ പാറമേൽ കുരിശുവരച്ചു. ഏതാനും വർഷങ്ങൾക്കുശേഷം മലവേടന്മാർ നായാട്ടിനായി മലമുകളിൽ പോവുകയും രാത്രി അവിടെ പാറമേൽ വിശ്രമിക്കുകയും ചെയ്തപ്പോൾ സ്വർണ്ണനിറമുള്ള കുരിശടയാളം പാറമേൽ കണ്ടു. അവിടെ കുത്തിനോക്കി ഉടനെ രക്തം ഒഴുകി എന്ന് പറയപ്പെടുന്നു. ഈ വിവരം മലയടിവാരത്ത് അറിയിച്ചതിനെ തുടർന്ന് താഴെനിന്നും ജനങ്ങൾ കൂട്ടംകൂട്ടമായി മലകയറുവാൻ തുടങ്ങി. പലർക്കും പല അത്ഭുതങ്ങളും ലഭിച്ചതായി പറയപ്പെടുന്നു. ഇതാണ് കുരിശുമുടി തീർത്ഥാടനത്തിന്റെ എളിയ തുടക്കം. മാർത്തോമ്മാശ്ലീഹായുടെ 20 വർഷക്കാലത്തെ ഭാരത പ്രേക്ഷിതത്തെ സൂചിപ്പിക്കുന്ന 20 പടികൾ ചവിട്ടിയാണ് ഭക്തർ വിശുദ്ധന്റെ തിരുശേഷിപ്പ് സൂക്ഷിച്ചിരിക്കുന്ന മാർതോമാ മണ്ഡപത്തിലേയ്ക്ക് പ്രവേശിക്കുന്നത്. കുരിശുമുടിയിലെ അതിപുരാതന ദേവാലയമായ ആനകുത്തിയ പള്ളി 1500കളിലാണ് പണിയപ്പെട്ടത്. ഇവിടെ വന്ന് പ്രാർത്ഥിക്കുന്നവർക്ക് പരിശുദ്ധ പിതാവിൽ നിന്നു ലഭിക്കുന്ന പൂർണ്ണദണ്ഡവിമോചനം ലഭിച്ചുകൊണ്ടിരിക്കുന്നു.


അത്ഭുതമായി പതിയപ്പെട്ട മുത്തപ്പന്റെ കാൽപാദവും കുരിശുമുടിയിൽ ഉണ്ട്. 1998 സെപ്റ്റംബർ 4-ാം തീയതി ഈ തീർത്ഥാടന കേന്ദ്രത്തെ അതിരൂപത തീർത്ഥാടന കേന്ദ്രമായി ഉയർത്തി. 2004 മാർച്ച് 24-ന് അന്തർദേശീയ തീർത്ഥാടനകേന്ദ്രമായി വത്തിക്കാൻ പ്രഖ്യാപിച്ചു. ഏഷ്യയിലെ ഏക അന്തർദേശീയ തീർത്ഥാടനകേന്ദ്രമായി മലയാറ്റൂർ കുരിശുമുടി മാറി. ഈ കേന്ദ്രം കേരളത്തിലെ എറണാകുളം ജില്ലയിലെ വടക്ക് കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്നു. ഈസ്റ്റർ കഴിഞ്ഞു വരുന്ന പുതുഞായറാഴ്ചയാണ് പ്രധാന തിരുനാൾ.



www.malankaralibrary.com



ഡോണി ടോമി



www.malankaralibrary.com



# ഇന്ത്യൻ ക്രിസ്ത്യാനികളുടെ ചരിത്രം

■ ജിതിൻ കൂട്ടുങ്കൽ



ക്രിസ്തുശിഷ്യനായ മാർതോമാശ്ലീഹ എ.ഡി. 52-ൽ ഇന്ത്യയിലേയ്ക്ക് പ്രവേശിച്ചു. തോമാശ്ലീഹ തെക്കെ ഇന്ത്യയിലേയ്ക്ക് പ്രവിശിച്ചു. പുരാതന തുറമുഖമായ കൊടുങ്ങല്ലൂരിൽ വരികയും വിവിധ കാലങ്ങളിൽ സുവിശേഷം പ്രസംഗിക്കുകയും ചെയ്ത്, മലബാറിലെ പല യഹൂദ കേന്ദ്രങ്ങളും തോമാശ്ലീഹായുടെ വിശ്വാസപ്രചാരണത്തിന് അവസരവും സാഹചര്യങ്ങളും ഒരുക്കിക്കൊടുത്തു. കേരളത്തിലെ പരമ്പരാഗത ക്രിസ്ത്യാനികളെ മാർത്തോമ്മാ നസ്രാണികൾ എന്നാണ് അറിയപ്പെട്ടിരുന്നത്. പേർഷ്യയുമായുള്ള കച്ചവടത്തിന്റെ ഭാഗമായി മാർതതോമാ നസ്രാണികളുടെ സഭ പേർഷ്യയിലുള്ള സഭയുമായി ബന്ധത്തിലായി. സഭയുടെ ആദ്ധ്യാത്മിക കാര്യങ്ങൾക്കായി പേർഷ്യയിലെ കിഴക്കിന്റെ സഭയുടെ പാത്രിയാർക്കീസ് മെത്രാന്മാരെ നിയോഗിച്ചു.

ഇവർ ആർച്ച് ഡീക്കൻ എന്ന സ്ഥാനപ്പേരിൽ അറിയപ്പെട്ടിരുന്നു. 1952-ൽ കിഴക്കിന്റെ സഭയിൽ പിളർപ്പുണ്ടായി ഒരു വിഭാഗം കൽദായ കത്തോലിക്ക സഭ എന്നപേരിൽ റോമിനോട് വിധേയത്വം പ്രഖ്യാപിച്ചു. ഇതോടെ പാത്രിയർക്കീസ് സ്ഥാനത്തിന് സമാന്തരമായ കൽദായ പാത്രിയർക്കീസ് എന്നൊരു സ്ഥാനവും നിലവിൽ വന്നു. 1599-ൽ ഉദയംപേരൂരിൽ വച്ച് നടന്ന സുനഹദോസിന്റെ ഭാഗമായി കേരളസഭ പൂർണ്ണമായും ലത്തീൻ സഭയുടെ അധികാരത്തിനു കീഴിലായി. 1653-ലെ കൂനൻ കുരിശ് സത്യത്തെ തുടർന്ന് മാർത്തോമ നസ്രാണികൾ രണ്ട് വിഭാഗങ്ങളായി പിരിഞ്ഞു. റോമിനോടുള്ള ബന്ധത്തെ തുടർന്ന് സുറിയാനി കത്തോലിക്കർ 19-ാം നൂറ്റാണ്ടോടുകൂടെ സീറോ-മലബാർ സഭ എന്ന പേര് സ്വീകരിച്ചു.

www.malankaralibrary.com





ആൽഫിയ
സന്തോഷ്

www.malankaralibrary.com

# ഇരട്ട പിറന്നവൻ

■ ട്രീസ ജിഷോ





യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാരിൽ ഒരാളാണ് തോമാശ്ലീഹ. ഇദ്ദേഹം യാദാസ് തോമസ്, ദിദിമോസ്, മാർ തോമാ എന്നീ പേരുകളിൽ അറിയപ്പെടുന്നു. യേശുവിന്റെ ഊർജ്ജസ്വലനായ ശിഷ്യൻ എന്നാണ് തോമാശ്ലീഹ അറിയപ്പെടുന്നത്. തോമസ് അപ്പസ്തോലനെക്കുറിച്ച് പരിമിതമായി മാത്രമേ ബൈബിളിൽ പരാമർശമുള്ളൂ. യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമാണ് തോമ ഒരു പ്രധാന കഥാപാത്രമായിരിക്കുന്നത്.

**ജനനം : ഒന്നാം നൂറ്റാണ്ട്**

**പ്രധാന തീർത്ഥാടനകേന്ദ്രം : സെന്റ് തോമസ് കത്തീഡ്രൽ ബസിലിക്ക, മൈലാപ്പൂർ, ചെന്നൈ, ഇന്ത്യ**

**ഓർമ്മത്തിരുനാൾ ജൂലൈ 3**

ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തുശിഷ്യനായ മാർ തോമാശ്ലീഹാ കേരളത്തിൽ സുവിശേഷ പ്രചരണം നടത്തി എന്നും അതിൽ നിന്നാണ് കേരളത്തിലെ സുറിയാനി ക്രിസ്തീയ സഭകൾ ഉടലെടുത്തത് എന്നും വിശ്വസിക്കപ്പെടുന്നു.

തോമോ എന്ന അരമായ സുറിയാനി വാക്കിന്റെ അർത്ഥം ഇരട്ട എന്നാണ്. അതിനാൽ തന്നെ ഇത് അദ്ദേഹത്തിന്റെ പേരല്ലാ എന്നും അദ്ദേഹം ഇരട്ടകളിൽ ഒന്നായി ജനിച്ചുവെന്നതിന്റെ സൂചന മാത്രമാണെന്നും വാദമുണ്ട്. ശ്ലീഹ എന്ന സുറിയാനി പദത്തിന്റെ അർത്ഥം അയക്കപ്പെട്ടവൻ എന്നാണ്.

ക്രിസ്തുവർഷം 52-ൽ തോമാശ്ലീഹ കേരളത്തിലെത്തിയെന്ന് കരുതപ്പെടുന്നു. മലബാറിലെ മുസ്സിരിസ്സിൽ അദ്ദേഹം കപ്പലിറങ്ങിയതായി പറയപ്പെടുന്നു.


















ജോയൽ ജോസ്












ജോയൽ ജോസ്

www.malankaralibrary.com



# മുസ്സിരീസ്സിൽ കപ്പലിറങ്ങിയ ശ്ലീഹാ....

■ ഡോണ ടോമി



യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാളാണ് തോമാശ്ലീഹ. ഇദ്ദേഹം തോമസ്, ദിദിമോസ്, മാർത്തോമ എന്നീ പേരുകളിലും അറിയപ്പെടുന്നു. യേശുവിന്റെ ഊർജ്ജസലനായ ശിഷ്യൻ എന്നാണ് തോമാശ്ലീഹ അറിയപ്പെടുന്നത്. തോമസ് അപ്പസ്തോലനെക്കുറിച്ച് പരിമിതമായി മാത്രമേ ബൈബിളിൽ പരാമർശമുള്ളൂ. യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമാണ് തോമ ഒരു പ്രധാന കഥാപാത്രമായിരിക്കുന്നത്. ക്രിസ്തുവർഷം 52-ൽ തോമാശ്ലീഹ കേരളത്തിൽ എത്തി. മലബാറിലെ സുസ്സിരീസിലാണു (കൊടുങ്ങല്ലൂർ) ഇദ്ദേഹം കപ്പലിറങ്ങിയത്. തെക്കെ ഇന്ത്യയിൽ സ്ഥിതിചെയ്യുന്ന മലബാർ ഇന്നത്തെ കേരളത്തെക്കാൾ വലുതും കേരളത്തിന്റെ വടക്കുഭാഗത്ത് ഇന്ന് മലബാർ എന്ന് വിശേഷിക്കപ്പെടുന്ന ഭൂവിഭാഗത്തിൽ നിന്ന് വ്യത്യസ്ഥവുമായിരുന്നു. ക്രിസ്തുവർഷം ആരംഭിക്കുന്നതിന് മുൻപെ മദ്ധ്യപൂർവ്വ രാജ്യങ്ങളുമായി വാണിജ്യബന്ധം സ്ഥാപിച്ചതിൽ ഖ്യാതി നേടിയിരുന്നു മലബാർ. മലബാറിന്റെ തീരപ്രദേശങ്ങളിലും ജൂതകോളനികൾ ഉണ്ടായിരുന്നു. ഇസ്ലാമതത്തിന്റെ ആവീർഭാവത്തിന് മുൻപ് വരെ ഇവരുടെ വാണിജ്യഭാഷ യേശു സംസാരിച്ചുകൊണ്ടിരുന്ന അരമായ ഭാഷയായിരുന്നു. തോമാശ്ലീഹ ദക്ഷിണ ഭാരതത്തിൽ സുവിശേഷവേല നിർവ്വഹിച്ചതിന്റെ ഫലമായി രൂപമെടുത്ത വിശ്വാസ സമൂഹങ്ങളുടെ പിൻമുറക്കാരാണ് തങ്ങളെന്ന ബോദ്ധ്യം കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ വംശം സ്മൃതിയുടെ കേന്ദ്രബിന്ധുവാണ്.

ഏഴരപ്പള്ളികൾ എന്നറയിപ്പെടുന്ന ഈ സമൂഹങ്ങളായി കരുതപ്പെടുന്നത് മുസ്സിരിസ്സ് (കൊടുങ്ങല്ലൂർ) പാലയൂർ (ചാവക്കാട്), കോക്കമംഗലം, പരവൂർ (കൊട്ടക്കാവ്) നിരണം, കൊല്ലം, നിലയ്ക്കൽ

(ശേഷം അടുത്ത പേജിൽ)

(പേജ് 34 തുടർച്ച)

(ചായൽ), തിരുവിതാംകോട് (കന്യാകുമാരി) എന്നിവയാണ്. ഈ പ്രദേശങ്ങളിൽ പലരും യഹൂദന്മാരുടെ ആവാസകേന്ദ്രങ്ങളായിരുന്നു. ഒടുവിൽ പ്രവർത്തിച്ച സ്ഥലമായ തമിഴ്നാട്ടിലെ മൈലാപ്പൂരിൽ വച്ച് ക്രിസ്തുവർഷം 72-ൽ അദ്ദേഹം കുത്തേറ്റുമരിച്ചു. തോമാശ്ലീഹായുടെ കബറിടം മൈലാപ്പൂരിൽ ഇപ്പോഴും ഉണ്ടെങ്കിലും അവിടുത്തെ ഭൗതികാവശിഷ്ടം സിറിയയിലെ എസെസെയിലേയ്ക്കും അവിടെ നിന്ന് ഇറ്റലിയിലെ ഓർത്തോണയിലേയ്ക്കും കൊണ്ടുപോയി സൂക്ഷിച്ചിരിക്കുന്നു.

എ.ഡി. 1923-ൽ മാർക്കോ പോളോ എന്ന സഞ്ചാരി അവിടുത്തെ കല്ലറ സഞ്ചരിച്ചു. മൂന്നാം നൂറ്റാണ്ട് ആയപ്പോൾ മൈലാപ്പൂർ പ്രദേശത്തെ സമുദായ സങ്കർഷങ്ങൾ ഉണ്ടായതിനെ തുടർന്ന് അവിടുത്തെ ക്രൈസ്തവർ സുരക്ഷിത സ്ഥാനങ്ങളായ പടിഞ്ഞാറെ തീരത്തേയ്ക്ക് പാലായനം ചെയ്തു.



# പുരാതന ക്രിസ്ത്യൻ കുടുംബങ്ങൾ



■ അലൻ സൈമി




തുടർച്ചയായ സുവിശേഷ പ്രഘോഷണത്തിലൂടെ വി.തോമാശ്ലീഹാ പകർന്ന് നൽകിയ വിശ്വാസത്തിൽ ആകൃഷ്ടരായി മാമ്മോദീസ സ്വീകരിച്ച 32 ബ്രാഹ്മണ കുടുംബങ്ങളെയാണ് പുരാതന ക്രിസ്ത്യൻ കുടുംബങ്ങൾ എന്ന് വിശേഷിപ്പിക്കുന്നത്. അതിൽ പുരോഹിത ശുശ്രൂഷ നിർവ്വഹിക്കാൻ ഭാഗ്യം ലഭിച്ച നാല് കുടുംബങ്ങൾ ആണ് പകലോമറ്റം, ശങ്കരപുരം കളിയാങ്കൽ കല്ലി. നമ്പൂതിരി ബ്രാഹ്മണരിൽ നിന്നാണ് പകലോമറ്റം കുടുംബത്തിന്റെ ഉത്ഭവം. പകലോമറ്റം തറവാട് ആദ്യം പാലയൂരിലായിരുന്നു എങ്കിലും താമസം മാറി. ഒട്ടനവധി വൈദികരും സന്യസ്തരും പകലോമറ്റം കുടുംബത്തിൽ നിന്നും ക്രിസ്തുവിനും സഭയ്ക്കുംവേണ്ടി സേവനം അനുഷ്ഠിക്കുന്നു.

www.malankaralibrary.com



റിയോണ കുര്യൻ



www.malankaralibrary.com



# വാശിയുടെ ശ്ലീഹാ

■ എമിൻ

വാശിതൻ ശ്ലീഹായാം തോമസ്, ഗുരുവിന്റെ
വാക്കുകൾ നെഞ്ചോട് ചേർന്നൊരു താതൻ
ഭാരതത്തിന്റെ ആത്മാവിൽ ആദ്യത്തെ
വിശ്വാസജ്യോതി തെളിച്ച പ്രേഷിതൻ.
പോകുവിൻ നിങ്ങളെൻ വാക്കുമായി പാരിടേ
ചൊല്ലിയ ഗുരുവിന്റെ ധീരനാം സ്നേഹിതൻ
ഗുരുവിന്റെ വചനത്തിനഗ്നിയുമേന്തി
പോയവൻ ഉലകിന്റെ മതിലുകൾക്കപ്പുറം
അന്നും ഒറ്റയ്ക്കിറങ്ങിയ ഗുരുവിനെ
ഒറ്റയ്ക്കാക്കാൻ മടിച്ച പ്രിയശിഷ്യൻ
അവനോടുകൂടെ മരിക്കാൻ സഹജരെ
ജുറുസലേമിലേയ്ക്കു നയിച്ച വാശിക്കാരൻ
പിന്നൊരുനാളിലാ ഉത്ഥിതതഥ്യയെ
കാണാതെപോയതിന്റെ പരിഭവമൊളിപ്പിച്ച്
കാണണം എന്ന വാശിതൻ തപസിൽ
ഗുരുവിനെ തോല്പിച്ച പൈതലിൻ ശാഠ്യം
പകരുന്നു എന്നിലും നിന്നിലും പ്രേഷിത-
ജ്വാലയിൽ ലോകം എരിക്കുവാൻ വാശി
പ്രാണൻ ബലിതന്ന നിത്യഗുരുവിനായ്
പ്രാണൻ ത്യജിക്കാൻ പഠിപ്പിക്കും വാശി...





# Believing in Him

■ Riyona Kurian

Pray for the faithful who are over come with doubt in their lives today. Help us to abandon ourselves to Jesus believing in him without seeing him.

Amen



www.malankaralibrary.com





ആൻ ട്രീസ മരിയ ബിജു





# ഐതീഹ്യം

■ ലിറ്റീന വർക്കി

മാർ തോമാശ്ലീഹാ ഭാരതത്തിൽ വന്ന് സുവിശേഷം പ്രസംഗിച്ചു പൂർവ്വപിതാക്കന്മാർക്ക് ജ്ഞാനസ്നാനം നൽകി എന്ന വസ്തുത പരമ്പരാഗതമായി വിശ്വസിച്ചു വരുന്നു. അപ്പസ്തലന്മാരുടെ ആദ്യകാല പ്രവർത്തനം നടപടി പുസ്തകത്തിലും വി. പൗലോസിന്റെ ലേഖനത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അവയിലെങ്ങും മാർ തോമായുടെ പ്രേഷിത പ്രവർത്തനത്തെപ്പറ്റി പ്രതിപാദിച്ചിട്ടില്ല.

ഒന്നാം നൂറ്റാണ്ട് മുതൽ നിലവിലിരുന്ന ഐതിഹ്യം തോമാശ്ലീഹായുടെ ഭാരത പ്രവേശനത്തെപ്പറ്റിയും സുവിശേഷവേലയെപ്പറ്റിയും സൂചിപ്പിക്കുന്നുണ്ട്. അവയിലൊന്ന് ഇപ്രകാരമാണ്; ജറുസലേമിൽ ഒരുമിച്ചുകൂടിയ ക്രിസ്തുശിഷ്യർ തങ്ങൾ ഭൂമിയുടെ ഏതു കോണിലേയ്ക്കാണ് പോകേണ്ടത് എന്നറിയുവാൻ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിച്ച് നറുക്കിട്ട് സ്ഥലങ്ങൾ നിശ്ചയിച്ചു. മാർ തോമാശ്ലീഹായ്ക്ക് സുവിശേഷവേലയ്ക്കായി നൽകപ്പെട്ടത് ഇന്ത്യ ആയിരുന്നു എങ്കിലും അദ്ദേഹത്തിന് ഇവിടെ വരുവാൻ താല്പര്യം ഉണ്ടായിരുന്നില്ല. പക്ഷെ രാത്രിയിൽ യേശു അദ്ദേഹത്തിന് മുൻപിൽ പ്രത്യക്ഷപ്പെട്ട് ഇന്ത്യയിലേയ്ക്ക് പോകുവാനുള്ള ധൈര്യം പകർന്നതായി കരുതപ്പെടുന്നു.

www.malankaralibrary.com


അങ്ങനെയിരിക്കെ, ഇന്ത്യയിലെ ഒരു മഹാരാജാവായിരുന്ന ഗുണ്ടഫ്രസ് അയച്ച അബ്ബാനിസ് എന്ന ഒരു കച്ചവടക്കാരൻ കൊട്ടാരം പണിയുന്നതിനായി ഒരു ശില്പിയെ അന്വേഷിച്ച് ജെറുസലെമിൽ എത്തി. ഈ വ്യാപാരി കച്ചവടസ്ഥലത്തുകൂടി നടക്കുന്ന സയത്ത് മനുഷ്യവേഷത്തിൽ പ്രത്യക്ഷനായ യേശു തോമസിനെ റാന്തലിന് അദ്ദേഹത്തിന് നൽകി. അങ്ങനെ അബ്ബാനിസിന്റെ കൂടെ തോമസ് ഇന്ത്യയിൽ എത്തി. ഇന്ത്യയിലെത്തിയ തോമസിനെ സോളമന്റെ കൊട്ടാരം പോലെ ഒരു കൊട്ടാരം നഗരകവാടത്തിന് പുറത്ത് പണിയുവാൻ ഗോണ്ടോഫറസ് ചുമതലപ്പെടുത്തി. തോമസ് സമ്മതിച്ചു എങ്കിലും കൊട്ടാരം പണിയുവാൻ രാജാവ് നൽകിയ പണം അദ്ദേഹം പാവപ്പെട്ടവർക്കും ദുരിതമനുഭവിക്കുന്നവർക്കും നൽകി. ഇത് കേട്ട് രോഷാകുലനായ ഗുണ്ടഫ്രസ് രാജാവ് തോമസിനെ വധശിക്ഷയ്ക്ക് വിധിച്ച് ജയിലിൽ അടച്ചു. അന്ന് രാത്രി രാജാവിന്റെ സഹോദരൻ ഗാഡ് മരിച്ചു. ഒരു ദൂതൻ അവനെ സ്വർഗ്ഗത്തിൽ തോമസ് പണിത കൊട്ടാരം കാണുന്നതിനായി കൊണ്ടുപോയി. അതൊടൊപ്പം അടുത്ത ദിവസം ജീവിതത്തിലേയ്ക്ക് മടങ്ങി താൻ കണ്ടതെല്ലാം സഹോദരനോട് പറയാൻ ഗാഡിന് അനുവാദം ലഭിച്ചു. തൽഫലമായി ഗുണ്ടഫ്രസും ഗാഡും തോമസിനോട് ക്ഷമ ചോദിക്കുകയും കർത്താവിനെ അനുഗമിക്കുവാൻ തീരുമാനിക്കുകയും ചെയ്തും. അങ്ങനെ 52-ൽ കൊടുങ്ങല്ലൂരിലെത്തിയ തോമസ് കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തു. കേരളത്തിൽ ദീർഘമായ പ്രവർത്തനം പൂർത്തിയാക്കിയ തോമാശ്ലീഹ തമിഴ്നാട്ടിലെത്തി അവിടെയും സുവിശേഷം പ്രസംഗിച്ച് യേശുവിന് സാക്ഷ്യം നൽകി.ശേഷം എ.ഡി. 72-ൽ മൈലാപ്പൂരിലെ ചിന്നമലയിൽ വെച്ച് ശത്രുക്കളുടെ ശൂലംകൊണ്ടുള്ള കുത്തേറ്റ് അദ്ദേഹം രക്തസാക്ഷിത്വം വഹിച്ചു. എല്ലാവർഷവും ജൂലൈ 3 മാർത്തോമ്മയുടെ ദുക്റാന ആചരിക്കുന്നു.

www.malankaralibrary.com



റിയോണ കുര്യൻ





www.malankaralibrary.com

ജോയൽ ജോസ്





ക്രിസ്റ്റി മരിയ സജി







# സെന്റ് തോമസ് ക്വിസ്

ഡോണ വിത്സൻ

1. ഏഴരപ്പള്ളികളിൽ കേരളത്തിനു പുറത്തുള്ള ഏക ദേവാലയം ഏത്?
തിരുവിതാംകോട്
2. ലോകത്തിലെ തന്നെ ആദ്യത്തെ എക്യുമെനിക്കൽ ദൈവാലയം ഏത്
ചിറയ്ക്കൽ പള്ളി (സെന്റ് തോമസ് ചർച്ച്)
3. തോമയാർ കോവിൽ എന്നുകൂടി അറിയപ്പെയുന്ന പള്ളി ഏത്?
തിരുവിതാംകോട്
4. കോക്കമംഗലം പള്ളിയിലേയ്ക്ക് വിശുദ്ധ തോമായുടെ തിരുശേഷിപ്പ് കൊണ്ടുവന്ന മാർപാപ്പ ആര്?
ജോൺ പോൾ രണ്ടാമൻ മാർപാപ്പ
5. മലയാറ്റൂർ മലമുകളിലെ ആന കുത്തിയ പള്ളി സ്ഥാപിതമായ വർഷം?
1595
6. അരപ്പള്ളിയുടെ ആദ്യത്തെ പേര് എന്തായിരുന്നു?
അരചന്റെ പള്ളി
7. തിരുവിതാംകൂർ പ്രദേശത്തുള്ള പല പള്ളികളുടെയും തലപള്ലിയായി കരുതപ്പെടുന്ന പള്ളി ഏത്?
നിരണം പള്ളി
8. വിശുദ്ധ തോമാശ്ലീഹാ കേരളത്തിൽ വന്നിറങ്ങിയ തുറമുഖ പട്ടണം ഏത്?
മുസിരിസ് (കൊടുങ്ങല്ലൂർ)
9. തോമായുടെ നടപടികൾ എന്ന പുസ്തകം എഴുതപ്പെട്ട ഭാഷ
സുറിയാനി
10. അഴീക്കോട് ദേവാലയത്തിൽ വിശുദ്ധ തോമാശ്ലഹായുടെ തിരുശേഷിപ്പ് ആയി വണങ്ങുന്നത് എന്താണ്.?
കൈയ്യുടെ എല്ല്
11. ക്രിസ്തുശിഷ്യൻ ആകുന്നതിന് മുമ്പ് തോമാശ്ലീഹായുടെ തൊഴിൽ എന്തായിരുന്നു?
മരപ്പണി/മീൻപിടുത്തം
12. വിശുദ്ധ തോമാശ്ലാഹുടെ ഭാരത പ്രവേശന തിരുനാൾ എന്നാണ് ആചരിക്കുന്നത്?
നവംബർ 21
13. സെന്റ് തോമസ് ചർച്ച് കോക്കമംഗലത്ത് സ്ഥിതി ചെയ്യുന്ന ജില്ല?
ആലപ്പുഴ
14. തമിഴ്നാട്ടിൽ എവിടെയാണ് കല്ലിൽ കൊത്തിയെടുത്ത, ഏകദേശം എ.ഡി. 650-ഓളം വർഷം പഴക്കമുള്ള മാർത്തോമ കുരിശ് കാണാൻ കഴിയുന്നത്?
പെരിയമലയിലെ ചാപ്പലിൽ
15. മാർത്തോമ കുരിശിലെ ശൂന്യമായ കുരിശ് എന്തിനെ സൂചിപ്പിക്കുന്നു.
ഉത്ഥിതനായ യേശു


www.malankaralibrary.com



അനുപ്രിയ


www.malankaralibrary.com

ആൽഫിയ സന്തോഷ്





www.malankaralibrary.com






ഡോണിയ ടോമി